**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4817** **02-07-2024 - ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമ പ്രകാരം ലഭിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എംപവർഡ് കമ്മിറ്റിയുടെ യോഗം എത്ര പ്രാവശ്യം ചേർന്നിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി (SLMC) യുടെ യോഗം 2 പ്രാവശ്യം ചേർന്നിട്ടുണ്ട്.** |
| (ബി) | വനാവകാശ നിയമം അനുസരിച്ച് ഒരു പ്രാവശ്യം ഭൂമി നൽകിയ വ്യക്തിക്ക് മറ്റൊരു സ്ഥലത്ത് വീണ്ടും ഭൂമി അനുവദിച്ചിട്ടുണ്ടോ; ഒരിക്കൽ ഭൂമി ലഭിച്ച ഒരാൾ ഇക്കാര്യം മറച്ച് വെച്ച് വീണ്ടും ഭൂമിക്ക് അവകാശം ഉന്നയിച്ചാൽ ആയതു പരിശോധിക്കുന്നതിന് ഏതെങ്കിലും ഡേറ്റാ ബേസ് സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | **വനാവകാശ നിയമം 2006 പ്രകാരം പുതുതായി ഭൂമി അനുവദിക്കുന്നില്ല. കൈവശം വച്ചിരിക്കുന്ന ഭൂമിയ്ക്കാണ് വനാവകാശ നിയമപ്രകാരം രേഖ നൽകുന്നത്. പരമാവധി 4 ഹെക്ടർ ഭൂമിക്ക് വരെ അവകാശം ലഭിക്കും. വനാവകാശ നിയമം, 2006 പ്രകാരം ഓരോ കുടുംബവും/സമൂഹവും സ്വന്തം അവകാശങ്ങൾക്കായി അനുഭവിച്ച് പോരുന്ന വനഭൂമി 2005 ഡിസംബർ 13 ന് ഏതാണോ അതിന് കുടുംബത്തിന്റെ/ സമൂഹത്തിന്റെ പേരിൽ കൈവശാവകാശം കിട്ടും. വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ കിട്ടുന്നതിലേക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷ വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ പരിശോധിച്ച് അംഗീകരിച്ച ശേഷമാണ് കൈവശരേഖ നൽകുന്നത്. കൈവശരേഖ അനുവദിച്ചത് സംബന്ധിച്ച ഡാറ്റ പട്ടികവർഗ വികസന വകുപ്പിന്റെ ജില്ലാതല ഓഫീസുകളിലും കളക്ടറേറ്റുകളിലും സൂക്ഷിക്കുന്നു.** |
| (സി) | മുൻപ് ഭൂമി ലഭിച്ചവർ സമർപ്പിച്ച രേഖകൾ എപ്രകാരം സൂക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രകൃതി ദുരന്തത്താലോ മറ്റു കാരണങ്ങളാലോ വനാവകാശ രേഖ നഷ്ടപ്പെട്ടാൽ പുതിയത് നൽകുന്നതിനുള്ള ചുമതല ആർക്കാണെന്ന് അറിയിക്കാമോ; ഇതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (സി) | **ഭൂമി ലഭിച്ചവർ സമർപ്പിക്കുന്ന രേഖകൾ റവന്യൂ ഡിവിഷണൽ ഓഫീസർ/സബ് കളക്ടർ ഓഫീസുകളിൽ അതേപടി സൂക്ഷിക്കുന്നു. ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി (DLC) യാണ് നഷ്ടപ്പെട്ട രേഖയ്ക്ക് പകരം പുതിയ രേഖ നൽകുന്നത്. വനാവകാശ രേഖ നഷ്ടപ്പെടുന്ന പക്ഷം പുതിയത് ലഭിക്കുന്നതിനുള്ള അപേക്ഷ ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി (DLC) മുമ്പാകെ സമർപ്പിക്കുകയും പരിശോധനയ്ക്ക് ശേഷം പുതിയത് നൽകുകയും ചെയ്യുന്നു.** |
| (ഡി) | എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് മുതൽ എല്ലാ സർട്ടിഫിക്കറ്റുകളും കേരള സർക്കാർ ഡിജിലോക്കർ | (ഡി) | **വനാവകാശ രേഖകൾ ഡിജിലോക്കർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച്** |

| | | | |
|---|---|---|---|
| | സംവിധാനത്തിലേക്ക് മാറ്റിയിട്ടും വനാവകാശ രേഖകൾ എന്ത് കൊണ്ടാണ് പ്രസ്തുത സംവിധാനത്തിലേക്ക് മാറ്റാത്തതെന്ന് അറിയിക്കാമോ; ഡിജിലോക്കർ സംബന്ധിച്ച് എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പാലിക്കാത്തതെന്തെന്ന് വ്യക്തമാക്കാമോ; | | **സർക്കാർ ഉത്തരവുകൾ ഒന്നും നിലവിലില്ല. എബിസിഡി പദ്ധതിയിൽ പ്രസ്തുത രേഖയും ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.** |
| (ഇ) | വനാവകാശ രേഖ ഇനി എത്ര പേർക്ക് നൽകാനുണ്ടെന്ന വിശദാംശം നൽകാമോ; ആയത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | **വനാവകാശ നിയമപ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 2880 എണ്ണത്തിൽ നടപടി പൂർത്തിയാകാനുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ആയവ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ